സ്വാതന്ത്ര്യദിന സന്ദേശം

115/NSS/DHSE/2018 14/08/2018



ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ ***ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിന*** ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനവും സ്വാതന്ത്ര്യദിന റാലി, പ്രതിജ്ഞ, പൊതുസമ്മേളനം, ഫ്ളാഷ് മോബ്, ദേശഭക്തിഗാനം എന്നിവയും ഇടുക്കിയിലെ കുമളിയിൽ സംഘടിപ്പിക്കുന്നു.

എല്ലാ എൻഎസ്എസ് യൂണിറ്റുകളിലും പിഎസി തലത്തിലും ജില്ലാതലത്തിലും മേഖലാതലത്തിലും സ്വാതന്ത്ര്യ ദിനാഘോഷം സമുചിതമായി ആചരിക്കേണ്ടതാണ്.

1. യൂണിറ്റുതലത്തിൽ സ്വാതന്ത്ര്യദിന സന്ദേശം പ്രോഗ്രാം ഓഫീസറുടെ നേതൃത്വത്തിൽ നൽകുകയും സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ടുള്ള ആശയങ്ങൾ വിദ്യാർത്ഥികളിൽ പ്രചരിപ്പിക്കുന്നതിനായി വിവിധ മത്സരങ്ങൾ നടത്താവുന്നതാണ്.
2. സ്വാതന്ത്ര്യദിനത്തെ സംബന്ധിച്ചുള്ള ഡോക്കുമെന്ററികൾ, ഷോർട്ട് ഫിലിം എന്നിവ വിദ്യാലയത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്.
3. ദത്തു ഗ്രാമത്തിലെ യുവജനങ്ങൾ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവരുടെ സഹായത്തോടെ പ്രളയ ബാധിത പ്രദേശങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ